**25.06.2019**

# വിയറ്റ്നാം കഥകളുടെ ദോയ് മോയ് ആൻഡ് ബിയോണ്ട്: പ്രദർശനം ഇന്ന് (26.06.2019)

- **ഫിലിപ് ചെയുടെ ക്യൂറേറ്റഡ് പാക്കേജിൽ നാല് ചിത്രങ്ങൾ**

12-ാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേളയിൽ നാല് വിയറ്റ്നാം ചിത്രങ്ങൾ ദോയ് മോയ് ആൻഡ് ബിയോണ്ട് വിഭാഗത്തിൽ ഇന്ന് (26-06-2019) പ്രദർശിപ്പിക്കും. ചലച്ചിത്ര നിരൂപകനും നെറ്റ്പാക്കിന്റെ സംഘാടകനുമായ ഫിലിപ് ചെയുടെ ക്യൂറേറ്റഡ് പാക്കേജിൽ 'എഫിമെറ', 'സോഫ, കിച്ചൺ ആൻഡ് ചിറ്റ്ചാറ്റ്സ്', 'ഡെഡിക്കേറ്റഡ് ടു ഗ്രാൻഡ്പാ ഡിയു', 'അറ്റ് വാട്ടേർസ് എഡ്ജ്' എന്നീ ചിത്രങ്ങളാണുള്ളത്.

ഹോ താങ് താവോ സംവിധാനം ചെയ്ത 'എഫിമെറ', വിചിത്രമായൊരു കാരണത്തിന്റെ പേരിൽ ആദ്യം തനിക്ക് ഇഷ്ടമില്ലായിരുന്നൊരു നാടോടിയുമായി അടുപ്പത്തിലാകുന്ന പെൺകുട്ടിയുടെ കഥ പറയുന്ന ചിത്രമാണ്. ദോ ഹാ തുവിന്റെ 'സോഫ, കിച്ചൺ ആൻഡ് ചിറ്റ്ചാറ്റ്സ്' ഒരു കൂട്ടം മധ്യവയസ്കരായ സ്ത്രീകളെ ആസ്പദമാക്കിയുള്ളതാണ്. ങിൻ ഹയ്ൻ ആങിന്റെ 'ഡെഡിക്കേറ്റഡ് ടു ഗ്രാൻഡ്പാ ഡിയു' 1960 കളിൽ സ്വന്തം ട്രാൻസ്‌ലേറ്റർ ജോലി ആത്മാർത്ഥമായി ചെയ്തിരുന്ന, എന്നാൽ ഒരിക്കൽ പോലും തന്റെ പേരിൽ പുസ്തകം പ്രസിദ്ധീകരിക്കാനാകാതെ പോയ ഗ്രാൻഡ് പായുടെ ജീവിതം പ്രമേയമാക്കുന്നു. ദോ വാൻ ഹോങിന്റെ നിരോധിക്കപ്പെട്ട ഡോകുമെന്ററിയായ 'അറ്റ് വാട്ടേർസ് എഡ്ജ്', നിരോധിത പ്രവിശ്യയായ ലോങ് ബിയൻ ബ്രിഡ്ജിന് സമീപം മുതിർന്ന പുരുഷന്മാരോടൊപ്പം നീന്തലിന് പോകുന്ന യുവതിയെക്കുറിച്ചുള്ളതാണ്.

മേളയിലെ വിയറ്റ്നാമീസ് സാന്നിധ്യങ്ങളായ നാല് ചിത്രങ്ങളും ഇന്ന് (26-06-2019) രാവിലെ 9.45 ന് നിള തീയറ്ററിൽ പ്രദർശിപ്പിക്കും.